ഉത്തരം

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ)

(എ, ബി) എം. സി. റോഡ് നഷണൽ ഹൈവേയായി പ്രഖ്യാപിക്കേണ്ടത് കേന്ദ്ര ഗവൺമെൻറാണ്. ഇക്കാര്യം സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

7-ാം ക്ലാസ്സിലെ സ്കോളർഷിപ്പ്

* 305. [330] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1985-ൽ 7-ാം ക്ലാസ്സിലെ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിക്കുന്ന കുട്ടികൾക്ക് രണ്ടാം ഗഡുവും മൂന്നാം ഗഡുവും സ്കോളർഷിപ്പ് തുക കിട്ടിയിട്ടുണ്ട് എന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെ സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ;

(സി) ഇപ്പോൾ എത്ര സ്ഥലത്ത് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്

(ഡി) ഈ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്)

(എ) ഇല്ല. ആർക്കെങ്കിലും കിട്ടിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ അവ ഉടനടി വിതരണം ചെയ്യുന്നതിനു വേണ്ട നിർദ്ദേശം നല്കുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല;

(സി) പ്രതിവർഷം എൻ. എസ്. എസിലെ സ്കോളർഷിപ്പ് 30 രൂപയും യു. എസ്. എസ്. സ്കോളർഷിപ്പ് 40 രൂപയുമാണ്. ഇപ്പോൾ നൽകിവരുന്നത്.

(ഡി) സർക്കാരിന് വമ്പിച്ച സാമ്പത്തികബാധ്യത ഇക്കാര്യത്തിൽ ഉണ്ടാകുന്നതിനാൽ ഈ ആവശ്യം തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല

ഫെസ്റ്റിവൽ ഫീസ്

* 306. [332] ശ്രീ. പി. എ. മുഹമ്മദ് കണ്ണ് :

,, കെ. പി. രാമൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർദ്ധികളിൽ നിന്നും ഫെസ്റ്റിവൽ ഫീസ് ഈടാക്കുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ഈ ഇനത്തിലുള്ള ഫീസ് ഏത് ക്ലാസ് മുതലാണ് ഈടാക്കുന്നതും, എത്രയാണ് ഈടാക്കുന്നതും;

(സി) ഈ ഇനത്തിലുള്ള 'ഫീസ്' എന്തിനുവേണ്ടിയാണ് ചെലവാക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly